# <u>Inspectors take charge as SHOs</u>




പ്രകാശ് സിംഗ് കേസിലെ ബഹു. സുപ്രീം കോടതി ഉത്തരവിന്റെ വെളിച്ചത്തിലും, പോലീസിൽ പരിഷ്കരണങ്ങൾ ഏർപ്പെടുത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾക്കായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് കെ.ടി. തോമസ് കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിലും കുറ്റാന്വേഷണവും നിയമപരിപാലനവും വെവ്വേറെ ആക്കേണ്ടുന്നത് അനിവാര്യമായിട്ടുണ്ട്. ഇത്തരത്തിൽ ഒരു വിഭജനം നടത്തുമ്പോൾ സബ് ഇൻസ്പെക്ടർ പദവിയിലുള്ള 2 ഉദ്യോഗസ്ഥർ ഓരോ പോലീസ് സ്റ്റേഷനിലും ഉണ്ടാകേണ്ടി വരുമെന്നതിനൊപ്പം അവരുടെ മേൽനോട്ടം വഹിക്കുന്നതിനു ഉയർന്ന റാങ്കിലുള്ള ഒരാഫീസറുടെ സേവനം ലഭ്യമാക്കേണ്ടതുമുണ്ട്. നിലവിലുള്ള പല നിയമങ്ങളും നടപ്പിലാക്കുന്നതിനുള്ള ചുമതല സ്റ്റേഷൻ ഹൌസ് ഓഫീസറിൽ നിക്ഷിപ്തമാണ്. താരതമ്യേന പരിചയക്കുറവുള്ള സബ്ഇൻസ്പെക്ടറുടെ സ്ഥാനത്ത് ഉയർന്ന റാങ്കിലുള്ള പരിണതപ്രജ്ഞനായ ഉദ്യോഗസ്ഥനു കൂടുതൽ കാര്യക്ഷമമായി ഇക്കാര്യങ്ങൾ നിർവ്വഹിക്കാനാകും.

വൈകാരികമായി പ്രതികരിക്കുന്ന കേരള സമൂഹത്തിൽ നിലനിൽക്കുന്ന സങ്കീർണ്ണവും അതിലോലവുമായ ഒട്ടേറെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനു തഴക്കവും പഴക്കവും സിദ്ധിച്ച, പരിണതപ്രജ്ഞനായ ഒരു ഉദ്യോഗസ്ഥൻ സ്റ്റേഷൻ ഹൌസ് ഓഫീസറായി നേരിട്ട് പോലീസ് സ്റ്റേഷന്റെ ഭരണത്തിൽ വരുന്നതാണ് ഉത്തമമായിട്ടുള്ളത്. നിലവിൽ സംസ്ഥാനത്തെ 471 പോലീസ് സ്റ്റേഷനുകളിൽ 357 എണ്ണത്തിൽ സബ്ഇൻസ്പെക്ടർ തസ്തികയിലുള്ള രണ്ടോ അതിലധികമോ പോലീസ് സേനാംഗങ്ങളുണ്ട്. അവരിൽ തന്നെ ഇൻസ്പെക്ടർമാർ/സർക്കിൾ ഇൻസ്പെക്ടർക്ക് തുല്യമോ അതിനു മുകളിലോ ശമ്പളം പറ്റുന്നവരായതിനാൽ അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെ തന്നെ അവർ ഉയർന്ന തസ്തികയിലേക്ക് പ്രൊമോഷനു യോഗ്യരാണ്.

ഇപ്രകാരം സംസ്ഥാനമൊട്ടാകെ പോലീസ് സ്റ്റേഷനുകളുടെ ചുമതല ഇൻസ്പെക്ടർമാരെ ഏൽപിക്കുന്നതിന്റെ ആദ്യ ഘട്ടം കോട്ടയം ജില്ലയിലും ഇന്നു (01/01/2018) മുതൽ നടപ്പിലാക്കി. ആയതിന്റെ ജില്ലാ തല ഉൽഘാടനം ബഹു. ജില്ലാ പോലീസ് മേധാവി

ശ്രീ. മുഹമ്മദ് റഫീഖ് ഐ.പി.എസ്. അവർകൾ കടുത്തുരുത്തി പോലീസ് സ്റ്റേഷനിൽ നിർവഹിച്ചു. കോട്ടയം ജില്ലയിലെ 33 പോലീസ് സ്റ്റേഷനുകൾ ഉള്ളതിൽ താഴെ പറയുന്ന 14 പോലീസ് സ്റ്റേഷനുകളിലാണ് ആദ്യ ഘട്ടത്തിൽ പദ്ധതി നടപ്പിലാക്കിയത്.

| ക്രമ നമ്പർ | പോലീസ് സ്റ്റേഷൻ | സ്റ്റേഷൻ ഹൌസ് ഓഫീസർ |
|---|---|---|
| 1 | കോട്ടയം ഈസ്റ്റ് | സാജു വർഗ്ഗീസ് |
| 2 | കോട്ടയം വെസ്റ്റ് | നിർമ്മൽ ബോസ് |
| 3 | ചങ്ങനാശ്ശേരി | വിനോദ് കെ. പി. |
| 4 | വാകത്താനം | മനോജ് കുമാർ പി. വി. |
| 5 | ഏറ്റുമാനൂർ | എ. ജെ. തോമസ് |
| 6 | കാഞ്ഞിരപ്പള്ളി | ഷാജി ജോസ് |
| 7 | പൊൻകുന്നം | സി. ആർ. പ്രമോദ് |
| 8 | എരുമേലി | സുനിൽകുമാർ ടി.ഡി. |
| 9 | പാമ്പാടി | ശ്രീജിത്ത് യു. |
| 10 | പാലാ | രാജൻ കെ. അരമന |
| 11 | വൈക്കം | ബിനു എസ്. |
| 12 | കടുത്തുരുത്തി | ടോംസൺ കെ.പി. |
| 13 | രാമപുരം | ജോയ് മാത്യു |
| 14 | ഈരാറ്റുപേട്ട | സി.ജി. സനൽകുമാർ |

പോലീസിന്റെ സേവനം കാര്യക്ഷമമാക്കുന്നതിനു മേൽ പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാന ചുമതലയും, കേസന്വേഷണ ചുമതലയും രണ്ടായി തിരിച്ച് രണ്ടു വിഭാഗമായി പ്രവർത്തിക്കുന്നതായിരിക്കും. ഇരു വിഭാഗവും ഓരോ എസ്.ഐ. യുടെ നേതൃത്വത്തിലായിരിക്കും

Sd- 01/01/18

കോട്ടയം ജില്ലാ പോലീസ് മേധാവിക്ക് വേണ്ടി